## വിളനാശത്തിന് നഷ്ടപരിഹാരം

68 [4799] ശ്രീ. അടൂർ പ്രകാശ്:
„ വി. ജെ. പൗലോസ്:
„ എ. സുജനപാൽ:
„ എ. പി. അനിൽകുമാർ:
„ പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം കൊണ്ടുള്ള വിളനാശം മൂലം കൃഷി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം കൊടുക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം;

(സി) ഇത്തരത്തിലുണ്ടാകുന്ന കൃഷിനാശത്തിന് നൽകുന്ന നഷ്ടപരിഹാരത്തിന്റെ തോതെത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) വിള ഇൻഷ്വറൻസ് നിർത്തലാക്കിയ സാഹചര്യത്തിൽ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നൽകുന്ന നഷ്ടപരിഹാരത്തിന്റെ തോത് വർദ്ധിപ്പിക്കുവാൻ നടപടിയെടുക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പ്രകൃതിക്ഷോഭംകൊണ്ടുള്ള വിളനാശം സംഭവിക്കുന്ന കർഷകർക്ക് "പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി" പ്രകാരവും, വിള ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർക്ക് "വിള ഇൻഷ്വറൻസ് പദ്ധതി" പ്രകാരവും നഷ്ടപരിഹാരം നൽകുന്നു. പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിൻ കീഴിൽ ധനസഹായം ലഭിക്കാൻ, കൃഷിനാശം സംഭവിച്ച് 10 ദിവസത്തിനകം നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കണം. നാശനഷ്ടം പരിശോധിച്ച് പരിശോധനാ റിപ്പോർട്ട് പ്രിൻസിപ്പൽ കൃഷി ഓഫീസർമുഖേന കൃഷി ഡയറക്ടർക്ക് നൽകുന്നു. സർക്കാരിന്റെ 19-7-1994-ലെ സ.ഉ.(എം.എസ്.) നം. 203/94/എ.ഡി. 15-9-1999-ലെ സ.ഉ. (എം.എസ്.) 129/99/എ.ഡി. എന്നീ ഉത്തരവുകളിൽ പറഞ്ഞിരിക്കുന്ന തോതിൽ നഷ്ടപരിഹാരം നൽകുന്നു.

വിള ഇൻഷ്വറൻസ് പ്രകാരമുള്ള നഷ്ടപരിഹാരം 25-3-1995-ലെ സ.ഉ. (എം.എസ്.) നം. 125/95/കൃഷി പ്രകാരം നൽകിവരുന്നു. ഈ പദ്ധതി പ്രകാരം നാശനഷ്ടം സംഭവിച്ച് 3 ദിവസത്തിനകം നഷ്ടപരിഹാരത്തിന് അപേക്ഷ നൽകണം. അതുപോലെ പ്രീമിയം അടച്ച ദിവസം മുതൽ 7 ദിവസങ്ങൾക്കുശേഷം മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളു.

(സി) വിളനാശത്തിന് നൽകുന്ന നഷ്ടപരിഹാരത്തോത് അനുബന്ധത്തിൽ (അനുബന്ധം 1, അനുബന്ധം 2) നൽകിയിരിക്കുന്നു.†

(ഡി) വിള ഇൻഷ്വറൻസ് പദ്ധതി നിർത്തലാക്കിയിട്ടില്ല.

ആലോചിച്ചിട്ടില്ല.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly